# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം
## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 525
## (29.11.2018 ലെ മറുപടിക്ക്)

### മലയിൻകീഴ് സബ്ട്രഷറിക്ക് പുതിയ കെട്ടിടം

| | ചോദ്യം | മറുപടി |
|---|---|---|
| | **ശ്രീ. ഐ.ബി. സതീഷ് (ബഹു. എം.എൽ.എ)** | **ഡോ. റ്റി.എം. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി)** |
| (എ) | കാട്ടാക്കട മണ്ഡലത്തിലെ മലയിൻകീഴ് സബ്ട്രഷറിക്ക് പുതിയ കെട്ടിടം (G.O.(Rt) No.8959/2016/Fin) നിർമ്മിക്കുന്നതിന് സാങ്കേതികാനുമതി ലഭ്യമായിട്ടുണ്ടോ; | സാങ്കേതികാനുമതി ലഭ്യമായിട്ടില്ല. |
| (ബി) | ഇതു സംബന്ധിച്ച് നിലവിലെ സ്ഥിതി വിശദമാക്കാമോ; അടിയന്തര പ്രാധാന്യത്തോടെ പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കാമോ? | ട്രഷറി അടിസ്ഥാന സൗകര്യ വികസന പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ മലയിൻകീഴ് സബ്ട്രഷറിയുടെ നിർമ്മാണം ഉൾപ്പെടുത്തിയിട്ടുണ്ട്. ആയതിന് 2,09,32,220/- രൂപ (രണ്ടു കോടി ഒൻപത് ലക്ഷത്തി മുപ്പത്തിരണ്ടായിരത്തി ഇരുന്നൂറ്റി ഇരുപത് രൂപ മാത്രം) യുടെ ഭരണാനുമതി സ.ഉ.(സാധാ) നം. 5721/2017/ധന തീയതി 16.07.2017 പ്രകാരം നൽകിയിട്ടുണ്ട്. നിർമ്മാണ നിർവ്വഹണ ഏജൻസിയായ ഇൻകെൽ ലിമിറ്റഡ് സമർപ്പിച്ച പ്രസ്തുത ട്രഷറിയുടെ ഡി.പി.ആർ-ന് സാങ്കേതികാനുമതി കൂടി ലഭ്യമാക്കേണ്ടതുണ്ട്. സാങ്കേതികാനുമതിയ്ക്കായുള്ള ശിപാർശ നൽകുന്നതിന് സാങ്കേതിക കമ്മിറ്റിയുടെ യോഗം 28.11.2018-ന് കൂടുവാൻ തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത യോഗത്തിൽ മലയിൻകീഴ് സബ്ട്രഷറിയുടെ ഡി.പി.ആർ സമർപ്പിക്കുവാൻ തീരുമാനമെടുത്തിട്ടുണ്ട്. ടെക്നിക്കൽ കമ്മിറ്റിയുടെ ശിപാർശ ലഭിക്കുന്ന മുറയ്ക്ക് സാങ്കേതികാനുമതി പുറപ്പെടുവിക്കുന്നതാണ്. സാങ്കേതികാനുമതി ലഭിച്ചു കഴിഞ്ഞാൽ ടെണ്ടർ ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ